ഉത്തരം

അനധികൃതമായി താമസിക്കുന്ന ഒരു ദിവസ വേതനക്കാരനെ ഒഴിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു. വിശദാംശങ്ങൾ സമാഹരിച്ച് നൽകുന്നതാണ്.

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

198 (5904) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അനർഹർ ഗവൺമെന്റ് ക്വാർട്ടേഴ്സ് കയ്യടക്കി വച്ചിരിക്കുന്നതായ പരാതി പരിഹരിക്കുന്നതിനായി ക്വാർട്ടേഴ്സിനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്

199 (5905) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്ന മാനദണ്ഡം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സ്പെഷ്യൽ ഓർഡർ പ്രകാരം കൂടുതൽ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനാൽ സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് ലഭ്യമാകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1-6-2010-നുശേഷം സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഇവരിൽ താമസം തുടങ്ങിയവരാരെല്ലാം ; താക്കോൽ ലഭിക്കാത്തവർ ആരെല്ലാം ;

(ഇ) സീനിയോറിറ്റി അനുസരിച്ച് അനുവദിച്ച ക്വാർട്ടേഴ്സുകൾ സ്പെഷ്യൽ ഓർഡർ പ്രകാരം ക്യാൻസൽ ചെയ്തിട്ടുണ്ടോ ; എങ്കിൽ സ്പെഷ്യൽ ഓർഡർ പ്രകാരം ആർക്കെല്ലാമാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളത് ;

(എഫ്) ഇതുമൂലം സീനിയോറിറ്റി പ്രകാരമുള്ള ആർക്കൊക്കെയാണ് താക്കോൽ നൽകാൻ കഴിയാതെ വന്നത് ;

(ജി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ ക്രമക്കേട് സംബന്ധിച്ച കേസ്സുകൾ എന്തെങ്കിലും നിലവിലുണ്ടോ ; മുൻകാലങ്ങളിൽ ഇത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങളെന്തെങ്കിലും നിലവിലുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഉണ്ട്.

(സി - എഫ്) വിശദാംശങ്ങൾ സമാഹരിച്ചു നൽകുന്നതാണ്.

(ജി) ഡബ്ല്യു.പി.(സി) 19549/2010 (P) നമ്പർ കേസ് നിലവിലുണ്ട്. ഇതു സംബന്ധിച്ച് മുൻകാലങ്ങളിൽ ഹൈക്കോടതി നിർദ്ദേശങ്ങളെന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ് II -ന്റെ നിലവിലുള്ള ഒഴിവുകൾ

200 (5906) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ഓവർസിയർ ഗ്രേഡ് 2-ന്റെ (മെക്കാനിക്കൽ) എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത നിയമനം അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? ;

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ മെക്കാനിക്കൽ വിഭാഗം നിലവിലില്ല. ആയതിനാൽ ആ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

(ബി & സി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്ര ചിഹ്നമിടാത്ത 5659, 5663, 5666, 5669, 5671, 5673, 5675, 5676, 5677, 5678, 5679, 5681, 5686, 5687, 5695, 5702, 5706, 5707, 5710, 5716, 5718, 5719, 5781, 5782, 5783, 5789, 5793, 5794, 5795, 5796, 5797, 5799, 5800, 5802, 5803, 5805, 5806, 5808, 5809, 5811, 5812, 5813, 5814, 5815, 5821, 5822, 5823, 5826, 5828, 5898 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly